# INDIAN SCHOOL, AL GHUBRA

## SUMMATIVE ASSESSMENT- 2 [2010]

## CLASS: IX – MALAYALAM (SECOND LANGUAGE)

## മലയാളം

Time allowed: 3 hrs | M.Marks: 80

*അനുവദിച്ച സമയം: 3 മണിക്കൂർ* | *ആകെ മാർക്ക്: 80*

*General Instructions:*

- Please check that this question paper contains 3 printed pages.
- Please check that this question paper contains 8 questions
- Please write down the Serial Number of the question before attempting it.

## SECTION A: READING

1. മനുഷ്യർക്ക് ജന്മസിദ്ധമാണ് കഥ കേൾക്കാനുള്ള താത്പര്യം. മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രപഞ്ചവും തമ്മിലും ഉള്ള ബന്ധമാണല്ലോ കഥകളിൽ പ്രതിഫലിക്കുന്നത്. അതിനാൽ മനുഷ്യനെ സന്തോഷിപ്പിക്കാനും തൃപ്തിപ്പെടുത്താനും ആവേശം കൊള്ളിക്കാനും പുതിയ ജീവിതവഴിത്താര തുറന്നു കൊടുക്കാനും കഥകൾക്കു കഴിയുന്നുണ്ട്. മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന ആസ്വാദന മനോഭാവവും ജീവിതബോധവും ഉത്ക്കർഷേച്ഛയും ഉത്തമമായ കഥാശ്രവണം കൊണ്ട് സമ്പുഷ്ടമാകുന്നു. കുട്ടികൾ കഥാശ്രവണകുതുകികളാണ്. മനുഷ്യജീവിതത്തെക്കുറിച്ചും ലോകസംഭവങ്ങളെക്കുറിച്ചും കൂടുതൽ അറിയാനുള്ള അഭിവാഞ്ച്ഛയാണ് ഇതിനു കാരണം. ഈ താത്പര്യം കൂടുതൽ പ്രയോജനകരമായ ചാനലുകളിലേയ്ക്കു തുറന്നുവിടുക കഥകളുടെ ലക്ഷ്യമാകുന്നു. താരാട്ടുപാട്ടുകളോടൊപ്പം മുത്തശ്ശിക്കഥകളും ബാലമനസ്സിൽ നിറം പിടിച്ചു നിൽക്കുക സ്വാഭാവികമാകുന്നു. അമ്മൂമ്മക്കഥകളുടെ സ്വാരസ്യം കുട്ടികളുടെ ഹൃദയത്തിൽ നിന്ന് ഒരിക്കലും വിട്ടു പോകുകയില്ല. കഥ രസകരമാണെങ്കിൽ അത് കേൾക്കുന്ന കുട്ടികൾക്ക് ഒരിക്കലും ഉദാസീനമനോഭാവം ഉണ്ടാകില്ല. കഥകൾക്ക് വിദ്യാഭ്യാസത്തിൽ ഉന്നതമായ സ്ഥാനമാണുള്ളത്.

   (i) കുട്ടികൾ കഥാശ്രവണകുതുകികളാണെന്നു പറയുവാൻ കാരണമെന്ത്? 2

   (ii) അമ്മൂമ്മക്കഥകൾ കുട്ടികൾക്ക് ആവശ്യമാണെന്നു പറയുന്നതെന്തുകൊണ്ട്? 2

   (iii) കഥകളിൽ മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുന്നതിലൂടെ സാധിക്കുന്നതെന്ത്? 2

   (iv) ഉത്തമമായ കഥാശ്രവണം കൊണ്ടുള്ള ഗുണമെന്ത്? 2

   (v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കൊടുക്കുക. 2

## SECTION B: WRITING

2. (a) നിങ്ങളുടെ പരിസരപ്രദേശത്തുള്ള പുഴ മലിനമാകുന്ന പ്രശ്നത്തെ പരാമർശിച്ചുകൊണ്ട് ഏതെങ്കിലും ഒരു പത്രത്തിൻെറ പത്രാധിപർക്ക് ഒരു കത്തു തയ്യാറാക്കുക. 5

(P.T.O)

(b) ആശയം വിപുലീകരിക്കുക
ചൊട്ടയിലെ ശീലം ചുടലവരെ 4

(c) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 6

(i) വിദ്യാർത്ഥികളും സാമൂഹ്യസേവനവും
(ii) സാഹിത്യസമാജം
(iii) മതസൗഹാർദ്ദം

## SECTION C: GRAMMAR

3. (a) പ്രയോഗം മാറ്റുക 2
ഒടുക്കം ഡോക്ടർ എന്റെ അപേക്ഷ സ്വീകരിച്ചു.

(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2
നാം പശ്ചാത്താപവിവശനായി സ്വന്തം ആത്മാവിന്റെ വൈരൂപ്യം മനസ്സാക്ഷിയാകുന്ന വെളുത്ത കണ്ണാടിയിലൂടെ നോക്കിക്കൊണ്ട് ലജ്ജിക്കുകയും സങ്കടപ്പെടുകയും ചെയ്യുന്നു.

(c) അന്വാഖ്യാന സംഭാഷണമാക്കി മാറ്റിയെഴുതുക 2
നീലേശ്വരംകുന്ന്: "എന്നെ മനസ്സിലായോ?"
മാരാർ: "മനസ്സിലായി. ഒരു കാര്യം, കണ്ണട മാറിക്കോളൂ, കണ്ണു മാററുത്. വാസനപ്പൊടിട്ടിന്ന് മാറിക്കോളൂ, മുഖം മാററുത്. ഉടുപ്പു മാറിക്കോളൂ, ആളു മാററുത്."

(d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക
(i) എന്നോട് ആരു പോരിനു യുദ്ധം ചെയ്യാൻ വന്നാലും അവർ പരാജിതരായി തോറ്റുപോകും. 2
(ii) കോടതിയിലെ വളഞ്ഞുതിരിഞ്ഞ വഴിയിൽക്കൂടി അന്യായക്കാരനു തന്റെ അവകാശം സ്ഥാപിച്ചുകിട്ടുമ്പോഴേക്കും പ്രതി കയ്യേറ്റം പ്രവർത്തിക്കുന്നതിനെ പെട്ടെന്നു പ്രതിരോധിച്ചു തടയുവാൻ പലപ്പോഴും ഇഞ്ചങ്ഷൻ പ്രയോജനസഹായകകരമായിത്തീരുന്നതുപോലെ, വായിൽക്കൂടി വയറ്റിലൂടെ രക്തത്തിൽ മരുന്നെത്തിച്ചേരുമ്പോഴേക്കും രോഗബീജങ്ങളുടെ ആക്രമണംകൊണ്ട് തകരാറൊന്നും വരാതിരിപ്പാനായി ഇഞ്ചെക്ഷനും പലപ്പോഴും ഉപയോഗപ്പെടുന്നു. 2

4. (a) അർത്ഥം എഴുതുക 1
അപരാധം

(b) പര്യായം എഴുതുക 1
വാക്ക്

(c) വിപരീതം എഴുതുക 1
ഓർമ

(d) നാനാർത്ഥം എഴുതുക 1
കരം

(e) അർത്ഥവ്യത്യാസം എഴുതുക 1
മനം–മാനം

(P.T.O)

# SECTION D: TEXT BOOK

5. (a) 'പുഷ്പഗോപുരം' എന്ന പാഠഭാഗത്തിലെ യാത്രയുടെ ആവിഷ്കാരം വിവരിക്കുക. 3

(b) 'ഒടുക്കം ഡോക്ടർ എൻെറ അപേക്ഷ സ്വീകരിച്ചു. പൂർവാർധത്തിൽ നിന്നു ഞാൻ ഒഴിവായി.' – ഒഴിവായതെങ്ങനെ? 3

(c) ജന്മനാട് കവിയിൽ ഉണർത്തിയ ചിന്തകൾ എന്തെല്ലാം? 3

(d) ഇഞ്ചെക്ഷൻ കഴിഞ്ഞപ്പോൾ ഓരോരുത്തരും പറഞ്ഞതെന്ത്? 3

6. (a) 'തന്മണിക്കുഞ്ഞുങ്ങൾതൻ തായാട്ടു നോക്കിക്കാണു–
മമ്മതൻ വിരികണ്ണുപോലെ മിന്നുന്നു വാനം'
– ആശയവും അലങ്കാരവും വ്യക്തമാക്കുക. 3

(b) (i) ശിവൻെറ മനസ്സിൽ രാവണനെക്കുറിച്ചു സന്തോഷമുണ്ടാകാൻ കാരണമെന്ത്? 2

(ii) ആരൊക്കെയാണു രാവണനു കപ്പം കൊടുക്കുന്നത്? 1

(c) ലോകത്തിൻെറ പൊതുസ്വഭാവത്തെപ്പറ്റി കവയിത്രി ചൂണ്ടിക്കാട്ടുന്നതെന്ത്? 3

(d) കുംഭിപ്രവരനെ രാവണൻ നേരിട്ടതെങ്ങനെ? 3

7. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

(a) (i) "വെൺചന്ദ്രികയ്ക്ക് നിറം കൂടുമാറൊന്ന്" പുഞ്ചിരിക്കൊള്ളുക മാത്രം ചെയ്തു. – ആര്?
(a. സഞ്ജയൻ, b. കേശവൻ നമ്പൂതിരി, c. കറുത്തേടം, d. ഡോക്ടർ) 1

(ii) 'ആന്തരാർത്ഥം' – എന്ന പദം വിഗ്രഹിച്ചു സമാസം നിർണ്ണയിക്കുമ്പോൾ–
(a. ദ്വന്ദ്വസമാസം, b. കർമ്മധാരയസമാസം, c. അവ്യയീഭാവസമാസം d. ദ്വിഗുസമാസം) 1

(iii) തെങ്ങിൻ തണലിൽ രാമായണം വായിച്ചിരുന്നത് –
(a. സഹ്യൻ, b. കടൽ, c. കുയിൽ, d. മഞ്ഞപ്പൂക്കൾ) 1

(b) (i) ആരാണു ജംഭാന്തകൻ?
(a. ഐരാവതം, b. രാവണൻ, c. ദേവേന്ദ്രൻ, d. അഗ്നി) 1

(ii) 'പട്ടുടുപ്പ്' – എന്ന പദം പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുമ്പോൾ–
(a. ദ്വിത്വസന്ധി, b. ആഗമസന്ധി, c. ലോപസന്ധി, d. ഗുണസന്ധി) 1

(iii) 'ആ മഹാപ്രേമത്തിൻെറ സൗമ്യനോട്ടത്തിൻ മുന്നിൽ' – ആരുടേതാണ് സൗമ്യമായ നോട്ടം?
(a. മഴവില്ലിൻെറ, b. ചിത്രശലഭത്തിൻെറ, c. ബാലാമണിയമ്മയുടെ, d. ആകാശത്തിൻെറ) 1

8. (a) സാഹിത്യരചനയും സഞ്ചാരവും ചലച്ചിത്രവുമായി സജീവപ്രവർത്തനം നടത്തുന്ന രവീന്ദ്രൻെറ ജീവിതാനുഭവങ്ങളാണ് 'വഴികൾ വ്യക്തികൾ ഓർമകൾ' – വിശദമാക്കുക. 5

(b) ആസാം സമതലത്തിലൂടെ സഞ്ചരിച്ചപ്പോളുണ്ടായ രവീന്ദ്രൻെറ അനുഭവങ്ങൾ ചുരുക്കിയെഴുതുക. 5

---

*Prepared by: Jitheesh, Dept. of Malayalam (HOD), Indian School, Al Ghubra.*
*Sultanate of Oman. Ph.0968 95079490, e mail; jitheesh2003@yahoo.co.in*